പത്രക്കുറിപ്പ്

# ഗുണ്ടാ പ്രവർത്തനം തടയാൻ നഗരത്തിൽ പോലീസ് റെയ്ഡ് തുടരുന്നു. 263 പേരുടെ വീടുകളിൽ പരിശോധന നടത്തി

## കോവിഡ് 19

## വിലക്ക് ലംഘനം: 31 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 103 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 19 പേർക്കെതിരെയും നിയമ നടപടി . 24,400/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് ഗുണ്ടാ പ്രവർത്തനം തടയുന്നതിനായി സിറ്റി പോലീസ് നടത്തി വരുന്ന റെയ്ഡ് ഏഴാം ദിവസമായ ഇന്നലെയും തുടർന്നു. ഗുണ്ടാ-റൗഡി ലിസ്റ്റുകളിലും വിവിധ ആക്രമണ കേസുകളിലും ഉൾപ്പെട്ട 263 പേരുടെ വീടുകളിലാണ് പോലീസ് ഇന്നലെ പരിശോധന നടത്തിയതെന്ന് ഐജിപിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിവിധ കേസുകളിൽ പ്രതികളായി ഒളിവിൽ കഴിഞ്ഞിരുന്ന 18 പേരാണ് കഴിഞ്ഞ 7 ദിവസങ്ങളിലായി നടത്തിയ റെയ്ഡിൽ ഇതുവരെ പിടിയിലായതെന്നും കമ്മീഷണർ അറിയിച്ചു. അതേസമയം കോവിഡ്-19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (10-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 31 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 103 പേരിൽ

നിന്നും, സാമൂഹിക അകലം പാലിക്കാത്ത 19 പേരിൽ നിന്നുമായി 24,400/- രൂപ പിഴ ഈടാക്കുകയും ചെയ്തു.

<u>ഗുണ്ടാ പ്രവർത്തനം ഇല്ലാതാക്കാൻ നഗരത്തിൽ പോലീസ് റെയ്ഡ് തുടരുന്നു.</u>

നഗരത്തിൽ ഗുണ്ടാ പ്രവർത്തനങ്ങൾ ഇല്ലാതാക്കാനായി സിറ്റി പോലീസ് നടത്തി വരുന്ന റെയ്ഡ് ഏഴാം ദിവസമായ ഇന്നലെയും തുടർന്നു. ഗുണ്ടാ-റൗഡി ലിസ്റ്റുകളിൽ ഉൾപ്പെട്ടവർ, വിവിധ ആക്രമണ കേസുകളിൽ പ്രതികളായവർ എന്നിവരുടെ വീടുകൾ കേന്ദ്രീകരിച്ചാണ് റെയ്ഡ് നടത്തിയത്. വിവിധ സ്റ്റേഷൻ പരിധികളിലായി ഇത്തരത്തിലുള്ള 263 പേരുടെ വീടുകളിലാണ് ഇന്നലെ പരിശോധന നടത്തിയത്. കഴിഞ്ഞ 7 ദിവസമായി തുടരുന്ന റെയ്ഡുകളിൽ ബോംബ് നിർമ്മാണം, വധശ്രമം, പോലീസിനു നേരെയുള്ള ആക്രമണം തുടങ്ങിയ വിവിധ കേസുകളിൽ ഉൾപ്പെട്ട് ഒളിവിൽ കഴിഞ്ഞിരുന്ന 18 പ്രതികളാണ് ഇതുവരെ പിടിയിലായത്. പരിശോധനാ സമയം വീടുകളിൽ ഇല്ലായിരുന്ന ആളുകളുടെ വിവരങ്ങൾ പ്രത്യേകം ശേഖരിച്ച് അന്വേഷണം നടത്തി വരികയാണ്. ഗുണ്ടാ നിയമ പ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞിരുന്നവർ വീണ്ടും പുറത്തിറങ്ങി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ വീണ്ടും കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് വേണ്ട നിയമ നടപടികൾ സ്വീകരിക്കും. പുതുതായി സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി നല്ല നടപ്പിനായി ബോണ്ട് വയ്പിക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സിറ്റി പോലീസ് ഊർജ്ജിതമാക്കിയിട്ടുണ്ട്. സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായയുടെ നിർദ്ദേശാനുസരണം ഡെപ്യൂട്ടി പോലീസ് കമ്മീഷണർ

(ക്രമസമാധാനം) ഡോ.ദിവ്യ.വി.ഗോപിനാഥിന്റെ നേതൃത്വത്തിൽ അതാത് സബ് ഡിവിഷണൽ അസ്സിസ്റ്റന്റ് കമ്മീഷണർമാർ, എസ്.എച്ച്.ഒ–മാർ, സബ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ടീമുകൾ രൂപീകരിച്ചാണ് പരിശോധന നടത്തിയത്. വരും ദിവസങ്ങളിലും വ്യാപകമായ പരിശോധനകൾ തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

<u>കോവിഡ് സുരക്ഷ– കേസ് വിവരം</u>

കോവിഡ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (10–09–2020) രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 31 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 103 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 19 പേരിൽ നിന്നുമായി 24,400/– രൂപ പിഴ ഈടാക്കി. മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 10 വാഹനങ്ങൾക്കെതിരെയും 5 കടകൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
10–09–2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

10/09/20

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി